(സി) 1.85 കോടി രൂപ ചെലവുവരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചുവരുന്നു.

എ.ഇ.ഒ. ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ നടപടി

21 [3001] *ശ്രീ. പി. കെ. അബ്ദുറബ്ബ്:*

„ *കളത്തിൽ അബ്ദുള്ള:*

„ *കെ. എൻ. എ. ഖാദർ:*

„ *ഇസ്ഹാക് കുരിക്കൾ:*

„ *നാലകത്ത് സൂപ്പി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വണ്ടൂരിൽ എ.ഇ.ഒ. ഓഫീസിന് 20 ലക്ഷം രൂപ ചെലവിൽ സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ 19-5-2005-ന് കോഴിക്കോട് ബിൽഡിംഗ് സൂപ്രണ്ടിംഗ് എഞ്ചിനീയർ ടെണ്ടർ നടത്തിയിരുന്നെങ്കിലും ആയതിന് ബിൽഡിംഗ് ചീഫ് എഞ്ചിനീയർ ഇതുവരെയും അപ്രൂവൽ നൽകിയിട്ടില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച എ.ഇ.ഒ. ഓഫീസിന്റെ വർക്ക് ടെണ്ടർ ചെയ്ത് ഇനിയും അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകുന്നതിന്റെ കാരണങ്ങൾ അന്വേഷിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതേക്കുറിച്ച് അന്വേഷിച്ച് നീട്ടിക്കൊണ്ടുപോകാതിരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ;

(ഡി) ടെണ്ടറിന് അനുമതി നൽകിയ ഉടനെ എ.ഇ.ഒ. ഓഫീസിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് ഉത്തരവ് നൽകുമോ എന്നറിയിക്കുമോ?

ഉത്തരം

(എ) — (ഡി) ഗവൺമെന്റ് ടെണ്ടർ കമ്മിറ്റിയുടെ പരിഗണനയിലാണ്. കമ്മിറ്റിയുടെ തീരുമാനത്തിനുശേഷം മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

ബംബ്രാണ പാലം നിർമ്മാണം

22 [3003] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യത്തിന് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേശ്വരം മണ്ഡലത്തിൽ ബംബ്രാണ പാലം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly